Talented Bankers Literary Panel
പുസ്തക പരിചയം 217

പരിചയപ്പെടുത്തുന്നത്,
ശരത് ലാൽ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ബസാർ റോഡ് ശാഖ, ചേർത്തല.

ആന ഡോക്ടർ,
ജയമോഹൻ.

ഒരു നോവൽ എന്നതിനേക്കാളുപരി ഒരു ജീവ ചരിത്രം പോലെ തോന്നിയേക്കാവുന്ന ഒരു കുഞ്ഞു പുസ്തകമാണ് ആന ഡോക്ടർ. കന്യാകുമാരി ജില്ലയിലെ തിരുവരമ്പിൽ ജനിച്ച ജയമോഹൻ എന്ന തമിഴ്-മലയാളം കഥാകാരൻ, ഡോ.വി.കൃഷ്ണമൂർത്തിയെക്കുറിച്ച് എഴുതിയ ഈ നോവൽ വായനയുടെ വേറിട്ട ഒരനുഭവം നിങ്ങൾക്ക് സമ്മാനിക്കും.

ഒരു ധ്യാനം പോലെ വായിച്ചു തീർക്കേണ്ട ഈ കൃതിയിലൂടെ കടന്നു പോകുമ്പോൾ കാടകങ്ങളുടെ ഉൾത്തുടിപ്പുകൾ നമ്മളറിയുന്നു. ഒരേ സമയം വശ്യതയും ഭയവും ജനിപ്പിക്കുന്ന വന്യസൗന്ദര്യത്തിൽ അത്രത്തോളം നമ്മൾ ആർദ്രമായി പോകുന്നു. ആനയെന്ന വന്യമൃഗത്തെത്തിന്റെ ഗാംഭീര്യവും, കരുണയും, കടൽ പോലെ സ്നേഹം നിറഞ്ഞ മനസും തിരിച്ചറിയിക്കുന്ന മനോഹരമായ രചന, ഒരു വള്ളിപടർപ്പു പോലെ പതിയെ നമ്മളിലേക്കു ചുറ്റി പടർന്നു കയറുന്നു. വന്യ മൃഗങ്ങൾ എന്നും, കാട്ടുവാസികൾ എന്നും, കാടത്തം എന്നുമൊക്കെ പറഞ് എന്തോ അധഃകൃത മായവ എന്നു മുദ്രകുത്തി നമ്മൾ മാറ്റി നിർത്തുന്നവ യഥാർത്ഥത്തിൽ അങ്ങനെ ആണോ എന്നും, പരിഷ്കൃതൻ എന്നഭിമാണിക്കുന്നവർ അങ്ങനെ തന്നെ ആണോ എന്നും ഒരു പുനർ ചിന്തനത്തിനു വായനക്കാരനെ ഈ കൃതി പ്രേരിപ്പിക്കുന്നുണ്ട്.

കാടിനെ പറ്റിയും, അവിടുത്തെ ജീവിതങ്ങളെ പറ്റിയും, അതിന്റെ അന്തരാത്മാവിനെ പറ്റിയുമൊക്കെ നമ്മുക്ക് ഒന്നും അറിയില്ല എന്നു വായനക്ക് ശേഷം മനസിലാക്കിതരുന്ന ഈ പുസ്തകത്തിലെ ഒരു വരി വളരെ ചിന്തനീയമാണ് - "ഇവിടെ നിങ്ങൾക്ക് കയറാൻ പടവുകളില്ല. നിങ്ങൾക്ക് നടക്കാനറിയില്ല. കയറാനേ അറിയാവൂ"

ഒരേ താളത്തിൽ ചലിക്കുന്ന സർക്കാർ സംവിധാനങ്ങൾക്കെതിരെ അതിലെ തന്നെ ഒരു കണ്ണി കലഹിക്കുക, മേലിടങ്ങളിലേക്കു പരാതി അയക്കുക, കാട്ടിലെ മനുഷ്യർക്കും മരുന്ന് കൊടുക്കുക തുടങ്ങി പ്രശ്നങ്ങൾ (?) മാത്രം സൃഷ്ടിക്കുന്ന ഒരു വെറ്ററിനറി ഡോക്ടറെ, പുതുതായി വന്ന ഒരു ഫോറസ്റ്റ് ഓഫീസർ നോക്കിക്കാണുന്ന മട്ടിലുള്ള കഥ പറച്ചിൽ, അത്ഭുതങ്ങളുടെയും ചിന്തയുടെയും വതായനങ്ങൾ നിങ്ങൾക്ക് മുമ്പിൽ

തുറന്നിടും. കാട്ടിലെ മൃഗങ്ങൾ ഒരു ഡോക്ടറെ സ്വീകരിക്കുക, വിശ്വസിക്കുക, അന്വേഷിച്ചെത്തുക, വർഷങ്ങൾക്ക് ശേഷവും തിരിച്ചറിയുക എന്നതൊക്കെ ഈ കഥ വായിക്കുമ്പോൾ നമ്മളെ വിസ്മയപ്പെടുത്തും തീർച്ച.

68 പേജുകൾ മാത്രമുള്ള ഈ പുസ്തകം സാഹിത്യവും, തത്വ ചിന്തയും നന്നായി ഇളക്കി ചേർത്തിരിക്കുന്ന ഒരു വിഭവമാണ്. ആനകൾക്ക് ആയിരത്തിലേറെ സർജറികൾ ചെയ്തിട്ടുള്ള, തമിഴ്നാട് ഗവൺമെൻ്റ് ആനകൾക്കായി സംഘടിപ്പിച്ച വന വിശ്രമ പദ്ധതിയുടെ വക്താവായ, ~വന്യ മൃഗങ്ങൾക്ക്~ വന്യ ജീവികൾക്ക് നേരെയുള്ള നാട്ടു മൃഗങ്ങളുടെ ക്രൂരതക്കെതിരെ പോരാടിയ, മനമില്ലാതിരുന്ന ഒരു മുറ്റത്തെ മുല്ലയുടെ ഈ കഥ തെച്ചിക്കോട്ടുകാവ് രാമചന്ദ്രനും, പാമ്പാടി രാജനും, ഗുരുവായൂർ കേശവനുമൊക്കെ ഒരിക്കലെങ്കിലും നിങ്ങളെ രോമാഞ്ചം കൊള്ളിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും വായിച്ചിരിക്കേണ്ടതാണ്.

കസ്തൂരി മാൻ, ഒഴിമുറി, കടൽ,അങ്ങാടിതെരു, നാൻ കടവുൾ എന്നീ സിനിമകൾ പിറന്ന ആ തൂലികയിലൂടെ പിറന്ന മറ്റു കൃതികൾ കാട്, ഏഴാം ലോകം,ഇരവ്,നൂറു സിംഹാസനങ്ങൾ എന്നിവയാണ്.

മാതൃഭൂമി ബുക്സ്
₹130